ഉത്തരം

(എ) സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസ് റൂളിൽ ആവശ്യമായ ഭേദഗതി വരുത്തുമെന്ന നിബന്ധനയ്ക്ക് വിധേയമായി പുറപ്പെടുവിച്ചിട്ടുള്ള എക്സിക്യൂട്ടീവ് ഉത്തരവുകൾ പ്രകാരം നിയമനം നടന്നിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

(സി) ഇതു സംബന്ധിച്ച് കെ.പി.എസ്.സി. ചില അഭിപ്രായങ്ങൾ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ഡി) 2009-10 സാമ്പത്തിക വർഷം അസിസ്റ്റന്റുമാരുടെ 58 സൂപ്പർന്യൂമറി തസ്തികകൾ സൃഷ്ടിച്ചെങ്കിലും പി.എസ്.സി. റാങ്ക് ലിസ്റ്റ് 15-3-2010-ന് മാത്രം നിലവിൽ വന്നതിനാൽ നിയമനം നടത്തിയില്ല. 2010-11 സാമ്പത്തിക വർഷം അസിസ്റ്റന്റ് മുതൽ അഡീഷണൽ സെക്രട്ടറി വരെയുള്ള തസ്തികകളിൽ 103 ജീവനക്കാർ വിരമിക്കുന്നുണ്ട്. 1-4-2010 മുതൽ 28-2-2011 വരെയുള്ള റിട്ടയർമെന്റ് കണക്കിലെടുത്ത് അസിസ്റ്റന്റുമാരുടെ 94 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അതിൽ 70 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകൾ താഴ്ന്ന വിഭാഗം ജീവനക്കാരുടെ തസ്തികമാറ്റ നിയമനത്തിനും സ്പോർട്സ് കോട്ട സമാശ്വാസ തൊഴിൽദാന പദ്ധതി എന്നീ നിയമനങ്ങൾക്കും മാറ്റി വച്ചിട്ടുണ്ട്. 31-1-2011 വരെയുള്ള 69 ഒഴിവുകളിൽ പി.എസ്.സി. അഡ്വൈസ് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചിംഗ് സംവിധാനം

6(1243) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനു മുന്നോടിയായി ജീവനക്കാർക്ക് യാത്ര, താമസം തുടങ്ങി എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് പറയാമോ ; ഇതിനോടനുബന്ധിച്ചു ആലപ്പുഴ ജില്ലയിൽ നിന്നുള്ള ജീവനക്കാരുടെ സൗകര്യാർത്ഥം ഇന്റർസിറ്റി എക്സ്പ്രസ്സ് ട്രെയിൻ സമയം രാവിലെയും വൈകുന്നേരവും പുനഃക്രമീകരിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) ജില്ലാ കളക്ടറേറ്റുകൾ വകുപ്പ് മേധാവികളുടെ ഓഫീസുകൾ മറ്റ് അനുബന്ധ ഓഫീസുകൾ എന്നിവിടങ്ങളിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് പ്രത്യേകമായി അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല. ഇന്റർസിറ്റി എക്സ്പ്രസ്സിന്റെ സമയ പുനഃക്രമീകരണത്തിനായി സർക്കാർ ഇടപെടാൻ ഉദ്ദേശിക്കുന്നില്ല.

(ബി) എല്ലാ ഡയറക്ടറേറ്റുകളിലും പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ മറ്റ് ഓഫീസുകളിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly